മിച്ചഭൂമി ഒഴിവാക്കികൊടുക്കണമെന്ന അപേക്ഷ

682 [993] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവുംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകംപള്ളി മടത്തുവിളാകം വില്ലേജുകളിൽ ഉള്ള 88 സെൻറ് മിച്ചഭൂമി ഒഴിവാക്കികൊടുക്കണമെന്ന രവി കരുണാകരന്റെ അപേക്ഷയിൻമേൽ അവസാന തീരുമാനമായോ;

(ബി) ആയെങ്കിൽ എന്താണ് തീരുമാനമെന്ന് പറയാമോ?

ഉത്തരം

(എ) ആയി.

(ബി) ഒഴിവാക്കികൊടുക്കണമെന്ന അപേക്ഷ നിരസിച്ചുകൊണ്ട ഉത്തരവ് പാസാക്കി.

കൃഷ്ണമേനോൻ മെമ്മോറിയൽ വനിതാ കോളേജ്

683 [995] ശ്രീ. പി. ഭാസ്ക്കരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിനുള്ള കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കും;

(ബി) അടുത്ത അദ്ധ്യയന വർഷത്തിൽ പുതിയ സ്ഥലത്തു പ്രവർത്തനം ആരംഭിക്കുമോ?

ഉത്തരം

(എ) കണ്ണൂരിലെ കൃഷ്ണമേനോൻ മെമ്മോറിയൽ വനിതാ കോളേജിനു വേണ്ടി എടുത്ത സ്ഥലത്ത് സ്ഥിതിചെയ്യുന്ന ജയിൽ സൂപ്രണ്ടിന്റെ താമസം പുതിയ കെട്ടിടത്തിൽ മാറിയതിനു ശേഷമേ കണ്ണൂർ കോളേജിന് സൂപ്രണ്ടിന്റെ ബംഗ്ലാവ് ലഭിക്കുകയും, കൂടുതൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയുമുള്ളൂ. ഇതിന് വേണ്ട നിർദ്ദേശം ചീഫ് എൻജിനീയർക്ക് നൽകിയിട്ടുണ്ട്.

(ബി) സാധിക്കുമെന്നു തോന്നുന്നില്ല.

സ്കൂൾ കെട്ടിടത്തിനുവേണ്ടി നടത്തിയ ലോട്ടറി

684 [997] ശ്രീ. കെ. പി. നൂറുദ്ദീൻ
ശ്രീ. എൻ. പി. മൊയ്തീൻ
ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ കെട്ടിട നിർമ്മാണത്തിനുവേണ്ടി നടത്തിയ ലോട്ടറിയിൽ നിന്നു ലഭിച്ച തുകകൊണ്ട് കെട്ടിട നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly